# മിഷൻ വാർത്തകൾ

## ഹാത്രസ്, ഉത്തർപ്രദേശ്

ദൈവഹിതമായാൽ ഹാത്രസ് ഡിസ്ട്രിക്റ്റിലുള്ള സുവിശേഷകന്മാരുടെയും സഹോദരന്മാരുടെയും സംയുക്ത സമ്മേളനം 2014 ഫെബ്രുവരി 26-ാം തീയതി രാവിലെ 10 മണി മുതൽ 1 മണിവരെ ഹാത്രസ് ടൗണിലുള്ള കൃപാഭവൻ ധരംശാലയിൽ വെച്ചു നടത്തുന്നതാണ്. 2013-ൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുവാനും 2014-ലെ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുവാനും ഒപ്പം പ്രാർത്ഥനയിൽ കുറച്ചുസമയം ചിലവഴിക്കുന്നതിനുമാണ് ഈ യാത്രയിൽ ആഗ്രഹിക്കുന്നത്.

ഉച്ചകഴിഞ്ഞ് 3 മണി മുതൽ 6 മണിവരെ നടക്കുന്ന മിനി ക്രൂസേഡിൽ പാസ്റ്റർ എബ്രഹാം ജോർജ്ജ് (കെ.പി.എ. കുവൈറ്റ്) ദൈവവചനം ശുശ്രൂഷിക്കും.

2012 ഫെബ്രുവരി 27 നാണ് ഹാത്രസ് ഡിസ്ട്രിക്ടിൽ ഐ.പി.സി. കുവൈറ്റ് സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

## മാൻഡവി, ഗുജറാത്ത്

ദൈവഹിതമെങ്കിൽ 2014 ഫെബ്രുവരി 28, മാർച്ച് 1,2 തീയതികളിൽ ഗുജറാത്തിൽ മാൻഡവി ടൗണിനടുത്തുള്ള ബഡാതൽ ഗ്രാമത്തിലുള്ള ഐ.പി.സി പ്രെയർ ഹാൾ ഗ്രൗണ്ടിൽ വച്ച് കൺവൻഷനും സംയുക്ത ആരാധനയും നടത്തുന്നതാണ്. പാസ്റ്റർ വി.ജെ. തോമസ് (മുംബയ്) രാത്രിയോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കുന്നതും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമാണ്. പകൽ സമയങ്ങളിൽ യുവജനങ്ങൾക്കായും സഹോദരിമാർക്കായും പ്രത്യേകം സമ്മേളനങ്ങൾ നടത്തും. ഈ മീറ്റിംഗുകളിൽ ബ്രദർ ജിജി എം. തോമസും സിസ്റ്റർ ഡയ്സി ജിജിയും ശുശ്രൂഷിക്കുന്നതായിരിക്കും. മാർച്ച് 2-ാം തീയതി ഐ.പി.സി. കുവൈറ്റിന്റെ ചുമതലയിലുള്ള 12 സഭകളുടെ സംയുക്ത ആരാധനയായിരിക്കും നടക്കുക. പാസ്റ്റർ പി. എ. ജേർജ്ജ് (പ്രസിഡന്റ്, ഐ.പി.സി. ഗുജറാത്ത് സ്റ്റേറ്റ്) തിരുവത്താഴ ശുശ്രൂഷ നടത്തും. പാസ്റ്റർ ജോൺസൺ മാർക്കിന്റെ ചുമതലയിൽ കൺവൻഷന്റെ വിവിധ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

## മിഷൻ യാത്ര

സഭാംഗങ്ങളായ ബ്രദർ ചാക്കോ പണിക്കരും സിസ്റ്റർ അനു ചാക്കോ പണിക്കരും 2014 ജനുവരി 23 മുതൽ 26 വരെ ഐ.പി.സി. കുവൈറ്റിന്റെ ഒഡിഷയിൽ മയുർബഞ്ച്, കിയോഞ്ചർ ഡിസ്ട്രിക്റ്റുകളിലുള്ള മിഷൻ സ്റ്റേഷനുകൾ സന്ദർശിച്ചു. നാലുദിവസങ്ങൾ നീണ്ടുനിന്ന യാത്രയിൽ കൊളമ, ബാലിയപ്പെട്ട, ബെറ്റിനോട്ടി, സിംഗനാലി, പൊഡാഡിയ, ബാരിപ്പഡ എന്നീസ്ഥലങ്ങളിലുള്ള സഭകളിൽ ക്രമീകരിച്ചിരുന്ന പ്രത്യേക മീറ്റിംഗുകളിൽ സംബന്ധിച്ച് സാക്ഷ്യങ്ങൾ പ്രസ്താവിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു.





സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പുത്തൻ കാഴ്ചപ്പാട് ലഭിക്കുന്നതിന് ഈ യാത്ര കാരണമായി എന്ന് സഹോദരൻ പണിക്കർ പറഞ്ഞു.

ഒറിസയുടെ മണ്ണിൽ കത്തി എരിഞ്ഞ് മരണം വരിച്ച ഗ്രഹാം സ്റ്റെയിൻസിൻെറ ഭാര്യ ഗ്ളാഡിസ് സ്റ്റെയിൻസുമായി നേരിൽ കാണുന്നതിനും അനുഭവങ്ങൾ പങ്കുവെക്കുന്നതിനും ഈ മിഷൻയാത്രയിൽ ബ്രദർ പണിക്കർക്കും കുടുംബത്തിനും അവസരം ലഭിച്ചു.





## മിഷനറി സമ്മേളനം

### പാലക്കാട്

2014 ജനുവരി 2-ാം തീയതി ഐ.പി.സി. കുവൈറ്റ് പാലക്കാട് മിഷൻ കോർഡിനേറ്റർ ബ്രദർ ജോസ് കെ. വർഗ്ഗീസ്, ഐ.പി.സി. കുവൈറ്റിൻെറ പാലക്കാട്ടുള്ള 5 മിഷൻ ഫീൽഡുകളിലും പോയി മിഷനറിമാരെയും ചില വിശ്വാസികുടുംബങ്ങളെയും സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് മിഷനറിമാരുടെ സമ്മേളനം നെന്മാറ ഐ.പി.സി. ഹാളിൽവെച്ച് പാസ്റ്റർ ജിമ്മി കുരിയാക്കോസിൻെറ അദ്ധ്യക്ഷതയിൽ നടന്നു. 2013-ൽ ഫലപ്രദമായ രീതിയിൽ സുവിശേഷ പ്രവർത്തനങ്ങൾ ചെയ്ത സുവിശേഷകരെയും ഒപ്പം പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്ത പാസ്റ്റർ ജിമ്മി കുരിയാക്കോസിനെയും അഭിനന്ദിച്ചു. 2014-ൽ കൂടുതൽ ഫലപ്രദമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുവാൻ ആഹ്വാനം ചെയ്യുകയും ഒപ്പം ഐ.പി.സി. കുവൈറ്റ് സഭയുടെ പ്രാർത്ഥനയും സഹകരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

## ഒഡിഷ

ഒഡിഷയിൽ മയൂർബഞ്ച്, കിയോഞ്ചർ ഡിസ്ട്രിക്റ്റിലുള്ള മിഷനറിമാരുടെ 2014-ലെ ആദ്യ സമ്മേളനം ജനുവരിമാസം 13-ാം തീയതി ബാരിപ്പഡ ടൗൺ ഹാളിൽ വെച്ച് അനുഗ്രഹമായി നടന്നു. രാവിലെ 10 മണിക്ക് പാസ്റ്റർ അശോക് കുമാർ ഡിഗാളിൻെറ പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. സുവിശേഷകന്മാർ അവരവരുടെ സഭാപ്രവർത്തനങ്ങളെപ്പറ്റിയും 2014-ലെ പ്രവർത്തന ലക്ഷ്യങ്ങളെപ്പറ്റിയും സംസാരിച്ചു.





ഉച്ചതിരിഞ്ഞുനടന്ന മീറ്റിംഗിൽ ഐ.പി.സി. കുവൈറ്റ് മിഷൻ കോർഡിനേറ്റർ ബ്രദർ ജേക്കബ് തോമസ് ദൈവവചനത്തിൽ നിന്നും സംസാരിച്ചു. ഇടയന്മാർ ആടുകൾക്കു മാതൃകയുള്ളവരായിരിക്കണമെന്നും ആടുകൾക്കു ദിനംപ്രതി വേണ്ട ആഹാരം കൊടുക്കുവാൻ എപ്പോഴും ഒരുക്കമുള്ളവരായിരിക്കേണമെന്നും അതിനുവേണ്ടി ദിനംപ്രതി കൂടുതൽ സമയം ദൈവവചന പഠനത്തിനും പ്രാർത്ഥനക്കും സമയം വേർതിരിക്കേണമെന്നും ഓർപ്പിച്ചു. 2014-ൽ വിശ്വാസികളെ പ്രാർത്ഥനക്കു വേണ്ടി സജ്ജരാക്കേണമെന്നും ദൈവവുമായുള്ള നിരന്തരബന്ധത്തിൽ കൂടെമാത്രമെ ഫലപ്രദമായ ശുശ്രൂഷ ചെയ്യുവാനും ജയകരമായ ജീവിതം നയിക്കുവാനും സാധിക്കുകയുള്ളുവെന്നും പ്രബോധിപ്പിച്ചു. പാസ്റ്റർ ജോൺ മത്തായി മീറ്റിംഗിൻെറ അദ്ധ്യക്ഷനായിരുന്നു.

## സ്നാന ശുശ്രൂഷ - പാലക്കാട്

2014 ഫെബ്രുവരി 12-ാം തീയതി പാലക്കാട് നെന്മാറ സഭയിൽ നടന്ന പ്രത്യേക മീറ്റിംഗിനു ശേഷം ഐ.പി.സി. കുവൈറ്റ് മിഷൻ ഫീൽഡിൽ നിന്നുള്ള 6 പേർ സ്നാനപ്പെട്ട് സഭയോടു ചേർന്നു. ഐ.പി.സി. കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് ദൈവവചനം ശുശ്രൂഷിക്കുകയും ഐ.പി.സി. മലബാർ ഉത്തര മേഖല പ്രസിഡൻറ് പാസ്റ്റർ സാം ദാനിയേൽ സ്നാന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. 2013-ൽ പാലക്കാട്ടുള്ള വിവിധ മിഷൻ ഫീൽഡുകളിൽനിന്നുമായി 11 പേർ സ്നാനപ്പെട്ടിരുന്നു.



